"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറളം പട്ടികവർഗ പുനരധിവാസ മേഖലയിൽ വന്യമൃഗശല്യം തടയുന്നതിന് ഗുണഭോക്തൃവിഹിതം ഒഴിവാക്കി സൗരവേലി സ്ഥാപിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1838/2025/LSGD തീയതി,തിരുവനന്തപുരം, 26-07-2025

---

പരാമർശം:-

1. കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21/05/2025-ലെ കത്ത്.
2. ആറളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17/06/2025-ലെ SC1/725/25 നമ്പർ കത്ത്.
3. 24/06/2025-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.65 നമ്പർ തീരുമാനം.

**ഉത്തരവ്**

പട്ടികവർഗ്ഗ പുനരധിവാസ മേഖലയായ കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ വന്യമൃഗശല്യം രൂക്ഷമായതിനാൽ സൗരവേലി സ്ഥാപിക്കുന്നതിനായി ആറളം ഗ്രാമപഞ്ചായത്ത് 2024-25-ൽ ഏറ്റെടുത്ത പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നുണ്ട്. സൗരവേലിയുടെ ഗുണഭോക്താക്കൾ പട്ടികവർഗ്ഗത്തിൽപ്പെട്ടവരായതിനാൽ മാർഗ്ഗരേഖ പ്രകാരം 50 ശതമാനം ഗുണഭോക്തൃവിഹിതം കൂടി ഉൾപ്പെടുത്തി നടപ്പാക്കേണ്ട പ്രോജക്ട് ഗുണഭോക്തൃവിഹിതം ഒഴിവാക്കി ഹാങ്ങിംഗ് സോളാർ ഫെൻസിംഗിന് ആവശ്യമായ മുഴുവൻ തുകയും ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്ന് ചെലവഴിക്കാനാണ് ഗ്രാമപഞ്ചായത്ത് ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ (പുനരധിവാസ മേഖല) സ്ഥലത്തിനും വനമേഖലക്കും മധ്യേയുള്ള പട്ടികവർഗ്ഗവകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് സൗരവേലി സ്ഥാപിക്കുന്നത്.

ഇപ്പോൾ വകയിരുത്തിയിരിക്കുന്ന വിഹിതമുപയോഗിച്ച് 3.6 കിലോമീറ്റർ ദൂരത്തിൽ മാത്രമേ സൗരവേലി സ്ഥാപിക്കാൻ കഴിയൂ എന്നും, 5.2 കിലോമീറ്റർ നീളത്തിൽ വേലി സ്ഥാപിച്ചാലെ ജനവാസമേഖലയിലേക്ക് ആന കടക്കുന്നത് തടയാൻ കഴിയുകയുള്ളൂ എന്നും അതിനാൽ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 20 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി ആകെ അടങ്കൽ 56 ലക്ഷമായി വർദ്ധിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. അനെർട്ടിൽ തുക ഡെപ്പോസിറ്റ് ചെയ്താണ് പദ്ധതി നടപ്പാക്കുന്നത് . പരിപാലനച്ചുമതല വനം വകുപ്പിനെയാണ് ഏൽപ്പിക്കുന്നത് . ടി പ്രോജക്റ്റ്

ഗുണഭോക്തൃവിഹിതം ഒഴിവാക്കി നടപ്പാക്കാൻ അനുമതി നല്കണമെന്ന് പരാമർശം (1), (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. പദ്ധതിയുടെ മുഴുവൻ ഗുണഭോക്താക്കളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായതിനാലും നിർമ്മാണം പട്ടികവർഗ്ഗ വകുപ്പിന്റെ സ്ഥലത്തായതിനാലും ഗുണഭോക്തൃവിഹിതം ഒഴിവാക്കി പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നല്കി ഉത്തരവാകുന്നു. ഈ പ്രദേശത്തെ വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ ഫെൻസിംഗ്/കിടങ്ങു നിർമ്മാണം നടത്തുന്ന സാഹചര്യത്തിൽ സർക്കാർ നടപ്പാക്കുന്ന പദ്ധതിയുമായി ഇരട്ടിപ്പുണ്ടാകുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ ജില്ല.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, ആറളം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി ( 3210014 )

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 26-07-2025 11:18:14

സെക്ഷൻ ഓഫീസർ